# ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ നടപടിക്രമം

**ഹാജർ : DR.BINU FRANCIS IAS**

വിഷയം :- ത.സ്വ.ഭ.വ - ശുചിത്വമിഷൻ - ഖരമാലിന്യ (ജൈവം) സംസ്കരണത്തിനായി **G3 Renewables Pvt. Ltd.** എന്ന സ്ഥാപനം മുന്നോട്ട് വച്ച **"Food Waste Processing involving sterilization and centrifuging to separate water to produce animal feed and oil"** എന്ന സാങ്കേതിക വിദ്യ അടിസ്ഥാനപ്പെടുത്തി പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

പരാമർശം:-

1. **31.12.2014**-ലെ സ.ഉ (സാധാ) നം. **3508/2014**/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്.
2. **13.08.2018**-ൽ ചേർന്ന **29**-ാമത് ശുചിത്വമിഷൻ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ **14**-ാം നമ്പർ തീരുമാനം.
3. ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ **01.02.2025** തീയതിയിലെ **SM/1743/2024-C4-Part(1)** നമ്പർ നടപടിക്രമം.
4. **G3 Renewables Pvt. Ltd.** എന്ന സ്ഥാപനം സമർപ്പിച്ച അപേക്ഷ.
5. **10.02.2025**-ൽ ചേർന്ന തീയതിയിൽ കൂടിയ ശുചിത്വമിഷൻ ടെക്നിക്കൽ കമ്മിറ്റി തീരുമാനം.
6. **13.02.2026**-ൽ ചേർന്ന തീയതിയിൽ കൂടിയ ശുചിത്വമിഷൻ ടെക്നിക്കൽ കമ്മിറ്റി തീരുമാനം.
7. **Consent No. : KSPCB/ER1/ICO/10108374/2025 Valid Up to: 09-10-2026 issued to G3 RENEWABLES PVT LTD SHED NO - 1A, COCHIN PORT TRUST, EX. CENTRAL WARE HOUSE GODOWN, GV IYER ROAD, WILLINGTON ISLAND, ERNAKULAM, KERALA, 682003**
8. **CIRCULAR no. KSPCB/159/2022-SEE-3 Date: 07-03-2025 issued from KSPCB**

നമ്പർ: **SM/402/2025-C4** തീയതി: **21-05-2026**

## ഉത്തരവ്

ഖരമാലിന്യ (ജൈവം) സംസ്കരണ മേഖലയിൽ സേവനം നൽകുന്നതിലേയ്ക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുന്നതിനുവേണ്ടി കൂടുതൽ സേവനദാതാക്കളെ തെരെഞ്ഞെടുക്കുന്നതിലേയ്ക്ക് അപേക്ഷ ക്ഷണിക്കുന്നതിന് പരാമർശം (1)-ലെ ഉത്തരവ് പ്രകാരം ശുചിത്വമിഷന് അനുമതി നൽകി ഉത്തരവായിരുന്നു. കൂടാതെ പരാമർശം (2) തീരുമാന പ്രകാരം ഇക്കാര്യത്തിലേയ്ക്ക് രൂപീകരിക്കപ്പെട്ട സാങ്കേതിക സമിതിയുടെ ശുപാർശയിന്മേൽ ഖരമാലിന്യ സംസ്കരണ മേഖലയിൽ സേവനദാതാക്കളെ എംപാനൽ ചെയ്യുന്നതിനും, പുതിയ ഉപാധികളും, സാങ്കേതിക വിദ്യകളും അംഗീകരിക്കുന്നതിനും, മാലിന്യ സംസ്കരണോപാധികളുടെ നിരക്ക് നിശ്ചയിക്കുന്നതിനും ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

ആയതിന്റെ അടിസ്ഥാനത്തിൽ ഖരമാലിന്യ (ജൈവം) സംസ്കരണ മേഖലയിൽ സേവനദാതാക്കളെ തെരഞ്ഞെടുക്കുന്നതിന് തിരഞ്ഞെടുക്കുന്നതിന് ലഭ്യമായ അപേക്ഷകൾ പരിശോധിച്ച് വിലയിരുത്തി അനുയോജ്യരായ ഏജൻസികളെ തെരഞ്ഞെടുക്കുന്നതിലേയ്ക്കും പുതുതായ ഖരമാലിന്യ സംസ്കരണ സാങ്കേതിക വിദ്യകൾക്കു അംഗീകാരം നൽകുന്നതിലേയ്ക്കുമായി പരാമർശം ( 3 ) പ്രകാരം സാങ്കേതിക സമിതി പുനഃരൂപീകരിച്ച് ഉത്തരവായിട്ടുള്ളതാണ്.

50 TPD ജൈവമാലിന്യ സംസ്കരണത്തിനായി ഒരു പുതിയ ഖരമാലിന്യ മാനേജ്മെന്റ് (SWM) സാങ്കേതികവിദ്യയുടെ അംഗീകാരത്തിനായി G3 Renewables Pvt. Ltd. എന്ന സ്ഥാപനം പരാമർശം (4) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. പരാമർശം (5) പ്രകാരം ചേർന്ന ശുചിത്വ മിഷൻ ടെക്നിക്കൽ കമ്മിറ്റി യോഗത്തിൽ പ്രസ്തുത അപേക്ഷ പരിശോധിക്കുകയും, ടി ഏജൻസിയുടെ ടെക്നിക്കൽ പ്രസന്റേഷൻ വിലയിരുത്തുകയും നേരിൽ വിശദാംശങ്ങൾ ആരായുകയുമുണ്ടായി. സാങ്കേതികവിദ്യയുടെ കൂടുതൽ വിലയിരുത്തലിനായി G3 റിന്യൂവബിൾസ് പ്രൈവറ്റ് ലിമിറ്റഡ് ഒരു പ്രൂഫ് ഓഫ് കൺസെപ്റ്റ് (PoC) മോഡൽ പ്രോജക്റ്റ് ഏറ്റെടുക്കണമെന്ന് കമ്മിറ്റി ശുപാർശ ചെയ്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സ്ഥാപനം പ്രൂഫ് ഓഫ് കൺസെപ്റ്റ് (PoC) അടിസ്ഥാനത്തിൽ എറണാകുളം ജില്ലയിൽ 5 TPD പ്ലാന്റ് സ്ഥാപിച്ച് മേൽ പരാമർശം (7) പ്രകാരം മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി ലഭ്യമാക്കിക്കൊണ്ട് പ്രവർത്തി നിർവ്വഹണ റിപ്പോർട്ട് ശുചിത്വ മിഷനിൽ സമർപ്പിച്ചിരുന്നു.

പരാമർശം (6) പ്രകാരം ചേർന്ന ശുചിത്വ മിഷൻ ടെക്നിക്കൽ കമ്മിറ്റി യോഗത്തിൽ പ്രസ്തുത റിപ്പോർട്ട് പരിശോധിക്കുകയും, ടി ഏജൻസിയുടെ ടെക്നിക്കൽ പ്രസന്റേഷൻ വിലയിരുത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ സി.പി.സി.ബി.യുടെ അംഗീകാരത്തിന് വിധേയമായി പ്രസ്തുത സാങ്കേതികവിദ്യ അംഗീകരിക്കാൻ കമ്മിറ്റി തീരുമാനിച്ചു. എന്നാൽ പരാമർശം (8) സർക്കുലർ പ്രകാരം ഈ സാങ്കേതികവിദ്യ ഇതിനകം "ഓറഞ്ച്" വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളതായി കാണുന്നു.

മേൽ സാഹചര്യത്തിൽ, ശുചിത്വ മിഷൻ സാങ്കേതിക സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ, പരാമർശം (8) സർക്കുലർ, ക്രമ. നമ്പർ 312 ആയി ഉൾപ്പെടുത്തി പട്ടികപ്പെടുത്തിയിട്ടുള്ള "Food Waste Processing involving sterilization and centrifuging to separate water to produce animal feed and oil" എന്ന സാങ്കേതിക വിദ്യ അടിസ്ഥാനപ്പെടുത്തി പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് G3 Renewables Pvt. Ltd. എന്ന സ്ഥാപനത്തിന് ചുവടെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി അംഗീകാരം നൽകി ഇതിനാൽ ഉത്തരവാകുന്നു.

| Name of Agency | Area Recommended |
|---|---|
| **G3 Renewables Pvt Ltd**<br>NO.5 DHANALAKSHMI APARTEMENT, NO.20 FIRST AVENUE ASHOK NAGAR, CHENNAI, Chennai, Tamil Nadu, India, 600083<br>Email : mayur@g3r.co, ramesh@g3r.co<br>Contact: +91-9007271595, 9942908341 | Approval for establishing plants with technology for - **"Food Waste Processing involving sterilization and centrifuging to separate water to produce animal feed and oil"** |

<u>നിബന്ധനകൾ</u>

1. ഈ ഉത്തരവ് പ്രകാരം എംപാനൽമെന്റ് ലഭിക്കുന്ന എല്ലാ ഏജൻസികളും 05.03.2026-തീയതിയിൽ ചേർന്ന ശുചിത്വ മിഷൻ 37-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഖരമലിന്യ സംസ്കരണ സാങ്കേതിക വിദ്യകൾക്കുള്ള അംഗീകാരത്തിന്റെ ഫീസായി ₹5000+GST (18%) രൂപ ചെക്ക് മുഖേന **എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ** എന്ന പേരിൽ ശുചിത്വ മിഷനിൽ സമർപ്പിക്കേണ്ടതാണ്. അതോടൊപ്പം ജി.എസ്.ടി. സർട്ടിഫിക്കറ്റിന്റെ പകർപ്പും ഉള്ളടക്കം ചെയ്യേണ്ടതാണ്.
2. അംഗീകാരം ലഭിച്ച പുതിയ സാങ്കേതിക വിദ്യകൾ/ഉപാധികൾ അംഗീകാരം ലഭിക്കുവാൻ ശുചിത്വ മിഷൻ ടെക്നിക്കൽ കമ്മിറ്റി മുമ്പാകെ സമർപ്പിച്ചിട്ടുള്ള എല്ലാ വ്യവസ്ഥകളും, സ്പെസിഫിക്കേഷനുകളും പാലിച്ചാണ് സ്ഥാപിക്കപ്പെടുന്നതെന്ന് നിർവ്വഹണ ഏജൻസി ഉറപ്പു വരുത്തേണ്ടതാണ്.
3. പ്രവൃത്തി നിർവ്വഹണ ഏജൻസികൾ മേൽ പറഞ്ഞ നിബന്ധനകൾ കർശനമായി പാലിക്കേണ്ടതാണ്. മേൽ പറഞ്ഞ നിബന്ധകൾക്ക് ഉപരിയായി ഇതിനാൽ അംഗീകരിക്കുന്ന സാങ്കേതിക വിദ്യ/സേവനം തൃപ്തികരമല്ലാത്ത പക്ഷം അംഗീകാരം പുനഃ പരിശോധിക്കുന്നതിനും, റദ്ദ് ചെയ്യുന്നതിന് ശുചിത്വ മിഷന് അധികാരമുണ്ടായിരിക്കുന്നതുമാണ്.
4. ഖരമാലിന്യ പരിപാലന ചട്ടം, 2026 കൂടാതെ ഈ മേഖലയിൽ നിലവിലുള്ളതും, കാലാകാലങ്ങളിൽ പരിഷ്കരിച്ച് ഉത്തരവാകുന്നതുമായ എല്ലാ സർക്കാർ ഉത്തരവുകളും, മാർഗ്ഗ നിർദ്ദേശങ്ങളും പാലിച്ച്, പരിസ്ഥിതിക്ക് ഹാനികരമല്ലാത്ത വിധം മാത്രമേ പ്ലാന്റിന്റെ പ്രവർത്തനവും നടത്തിപ്പും ചെയ്യുവാൻ പാടുള്ളൂ.
5. ഖരമാലിന്യ പരിപാലന ചട്ടം, 2026 പ്രകാരം മാലിന്യ സംസ്കരണ പ്ലാന്റ് നടത്തുന്ന ഏജൻസികൾ ശേഖരിക്കുന്നതും സംസ്കരിക്കുന്നതുമായ മാലിന്യം സംബന്ധിച്ച വിവരങ്ങൾ CPCB പോർട്ടലിൽ രജിസ്റ്റർ ചെയ്ത്, യഥാസമയം അപ്ഡേറ്റ് ചെയ്യേണ്ടതാണ്.
6. Extended Bulk waste Generator Certificate - ബാധകമായ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുന്നതിലേക്ക് ആവശ്യമായ വിവരങ്ങൾ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനം/സർക്കാർ/ശുചിത്വ മിഷൻ ആവശ്യപ്പെടുന്ന പക്ഷം കൈമാറേണ്ടതാണ്.
7. ടി സാങ്കേതിക വിദ്യ ഉപയോഗിച്ച് സ്ഥാപിക്കുന്ന പ്ലാന്റുകളുടെ കപ്പാസിറ്റി, ലൊക്കേഷൻ, കൈകാര്യം ചെയ്ത മാലിന്യത്തിന്റെ അളവ്, ഗുണഭോക്താക്കളുടെ വിവരങ്ങൾ എന്നിവ എല്ലാ വർഷവും ഏപ്രിൽ 31 ന് മുൻപായി റിപ്പോർട്ടായി സമർപ്പിക്കേണ്ടതാണ്.
8. എംപാനൽഡ് ഏജൻസികളുടെ പ്രവർത്തനം മോണിറ്റർ ചെയ്യുന്നതിലേക്ക് ഓരോ ഏജൻസിക്കും പ്രത്യേകം വെബ് പേജ് ശുചിത്വ മിഷന്റെ വെബ് പോർട്ടലിൽ ഉൾപ്പെടുത്തുന്നതാണ്. ടി വെബ് പേജ് രൂപകല്പന ചെയ്യുന്നതിനും പരിപാലി ക്കുന്നതിലേക്കുമുള്ള ഡെവലപ്മെന്റ് ചാർജ്/ പ്രോസസ്സിംഗ് ഫീസ്, എംപാനൽമെന്റ് പുതുക്കുന്നതുമായി ബന്ധപ്പെട്ട ചെലവുകൾ അതാത് ഏജൻസികൾ വഹിക്കേണ്ടതാണ്.
9. എംപാനൽമെന്റ് ചെയ്യപ്പെട്ട മേഖലയുമായി ബന്ധപ്പെട്ട് ഏതെങ്കിലും വിധത്തിൽ നയ

മാറ്റമുണ്ടാകുക യാണെങ്കിൽ/സർക്കാരിൽ നിന്നോ/തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നോ/ പൊതുജനങ്ങളിൽ നിന്നോ താങ്കളുടെ സ്ഥാപനത്തെക്കുറിച്ചോ, സാങ്കേതിക വിദ്യ സംബന്ധിച്ചോ പരാതികൾ ഉണ്ടാകുന്ന പക്ഷം, ആയത് പരിശോധിച്ച് എപ്പോൾ വേണമെങ്കിലും താങ്കളുടെ എംപാനൽമെന്റ് റദ്ദാക്കാൻ ശുചിത്വ മിഷന് അധികാരമുണ്ടായിരിക്കുന്നതാണ്.

10. സർക്കാർ/ ശുചിത്വ മിഷൻ നടത്തുന്ന മാലിന്യ സംസ്കരണ പരിപാടികളിൽ താങ്കൾ പങ്കെടുത്ത് വിജയിപ്പിക്കേണ്ടതാണ്.

**DR.BINU FRANCIS IAS**

**EXECUTIVE DIRECTOR**

സ്വീകർത്താവ്

ബന്ധപ്പെട്ട ഏജൻസി

പകർപ്പ്

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
2. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
3. കില, മുളങ്കുന്നത്തുകാവ്, തൃശൂർ
4. എല്ലാ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർക്കും
5. എല്ലാ തദ്ദേശ സ്വയംഭരണസ്ഥാപന സെക്രട്ടറിമാർക്കും
6. ബന്ധപ്പെട്ട ഏജൻസിക്ക്.
7. വെബ്സൈറ്റ്, ഓഫീസ്കോപ്പി/കരുതൽ ഫയൽ.



File No. SM/402/2025-C4 (Computer No. 113412)
Generated from eOffice by Beena R.S, C4 SSM, C4 SSM, KERALA SUCHITWA MISSION on 02/07/2026 04:52 PM